# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : ***410**

20-10-2016-ൽ
മറുപടി നൽകേണ്ടത്

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ച

ചോദ്യം | ഉത്തരം

പ്രൊഫ. കെ. യു. അരുണൻ
ശ്രീ. ജെയിംസ് മാത്യു
ശ്രീ. പി.ടി.എ. റഹീം
ശ്രീ. ഐ. ബി. സതീഷ്

: പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ചയെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ, ബി & സി)<br>03.12.2011 -ലെ ജി. ഒ. (ആർ.റ്റി) നം.1968/11/ഉ.വി.വ പ്രകാരം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പഠിക്കാൻ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അനുബന്ധമായി ചേർത്തിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനു വേണ്ടി വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങുന്ന ഉത്തരവുകൾ (ജി.ഒ (ആർ.റ്റി) നം 217/12/ഉ.വി.വ തീയതി 31.01.2012, ജി.ഒ (ആർ.റ്റി) നം.44/13/ഉ.വി.വ തീയതി 11.01.2013, ജി.ഒ (ആർ.റ്റി) നം. |
| ബി) അനിയന്ത്രിതമായ സ്വാശ്രയവത്ക്കരണം എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക ശാസ്ത്ര മേഖലകളിൽ നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ; | |

| | |
|---|---|
| എങ്കിൽ ഇതു പരിഹരിക്കാനായി എന്തു മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | 140/13/ഉ.വി.വ തീയതി 31.01.2013) പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഭൗതിക സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിനും യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 19.07.2014-ലെ ജി.ഒ (എം.എസ്) നം. 552/14/ഉ.വി.വ |
| സി) സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | 01-04-2015 -ലെ ജി.ഒ (എം.എസ്) നം. 121/15/ഉ.വി.വ ഉത്തരവുകൾ പ്രകാരം അൺ എയ്ഡഡ് കോളേജിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സർക്കാർ/എയ്ഡഡ്/ സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ള കോഴ്സുകൾ വിപുലീകരിക്കുന്നതിനുമായി 500 ലക്ഷം രൂപ 2016-17 ലേക്ക് വകയിരുത്തിയിട്ടുണ്ട്. സർക്കാർ കോളേജുകളുടെ ലബോറട്ടറികളുടേയും ലൈബ്രറികളുടേയും വികസനത്തിന് 2016-17 ൽ 600 ലക്ഷം രൂപയും പരിശീലന പരിപാടികളിൽ കൂടി അദ്ധ്യാപകരുടെ നിലവാരം ഉയർത്തി വിദ്യാഭ്യാസ നിലവാരം വികസിപ്പിക്കുന്നതിനായി ഫാക്കൽറ്റി വികസനം പരിപാടി നടത്തിപ്പിനായി 180 |

| | |
|---|---|
| | ലക്ഷം രൂപയും തെരഞ്ഞെടുത്ത പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തന ങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ് ഇനത്തിലുമായി 60 ലക്ഷം രൂപയും ഐ.ടി ഗ്രിഡ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ കോളേജുകളിലും ഹോസ്റ്റലുകളിലും ഇന്റർനെറ്റിലൂടെ ബന്ധം സ്ഥാപിക്കുന്നതിലേയ്ക്കായി 30 ലക്ഷം രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പി നായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കോളേജുകളുടെയും ഹോസ്റ്റലുകളുടേയും അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്ന തിലേയ്ക്കായി 2500 ലക്ഷം രൂപയും എഡ്യൂസാറ്റ് ഗവൺമെന്റ് കോളേജുകളിൽ ടെലി ട്രെയിനിംഗ് പദ്ധതികൾക്കായി 35 ലക്ഷം രൂപയും സർക്കാർ കോളേജുകളിലെ പഠനയാത്രയ്ക്കായി 70 ലക്ഷം രൂപയും ആസ്പെയർ-ഗവേഷണപ്രവർത്തനങ്ങൾ നടത്തുന്നതിനാ യുള്ള സ്കോളർഷിപ്പിന് 90 ലക്ഷം രൂപയും എഡ്യൂസാറ്റ് ക്ലാസ് മുറിയുടെ ആധുനിക വൽക്കരണത്തിനായി 250 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന് സ്കോളർഷിപ്പിന് 75 ലക്ഷം രൂപയും സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹി പ്പിക്കാൻ 20 ലക്ഷം രൂപയുടെ സ്കോളർഷിപ്പും |

| | |
|---|---|
| | സംഗീതം, കല, പെർഫോർമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പിന് 20 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയിലൂടെ ദേശീയവിദ്യാഭ്യാസ കമ്മിഷനുള്ള കണക്ടിവിറ്റി വിഹിതം 15 ലക്ഷം രൂപയും കോളേജുകളിൽ നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിലേയ്ക്കായി 800 ലക്ഷം രൂപയും, (NAAC), വകയിരുത്തിയിട്ടുണ്ട്. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടിയ്ക്കായി (CQIP) 500 ലക്ഷം രൂപയും പൈതൃക കോളേജുകൾ ഉൾപ്പെടെ 10 കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് 1200 ലക്ഷം രൂപയും നൈപുണ്യ വികസന പദ്ധതിയ്ക്കായി 550 ലക്ഷം രൂപയും ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റി കോളേജു കളിലും ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾക്കായി 1000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഗവേഷണസഹായ പദ്ധതി 500 ലക്ഷം രൂപയും പഠിതാവിനൊപ്പം 700 ലക്ഷം രൂപയും അധ്യയനരംഗത്തെ കണ്ടെത്തലുകളിലും ഗവേഷണങ്ങളിലുമുള്ള സമന്വയത്തെ ത്വരിതപ്പെടുത്തുന്നതിനായി (ഫ്ളെയർ) 220 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ |

| | |
|---|---|
| | ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി, അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കുമായുള്ള പരിശീലന പരിപാടികൾ, വിദ്യാർത്ഥികൾക്കായുള്ള സെമിനാറുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബിരുദ തല വിദ്യാഭ്യാസ പുനഃസംഘടന, ആട്ടോണമസ് കോളേജുകൾ എന്നീ പദ്ധതികളും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. സർക്കാർ/എയ്ഡഡ് & സയൻസ് കോളേജുകളുടെ വികസനത്തിനായി രാഷ്ട്രീയ ഉച്ഛതാർ ശിക്ഷാ അഭിയാൻ (റൂസ) എന്ന കേന്ദ്ര പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് |

Rakesh

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**